കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലോക്കൽ ഗവൺ മെൻറ് കമ്മീഷനിൽ ദിവസ വേതനാടിസ്ഥാനത്തിൽ സ്വീപ്പറെ നിയമിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ. (എം.എസ്.) നം.185/16/തസ്വഭവ *തിരുവനന്തപുരം, തീയതി, 30.11.2016*

---

*പരാമർശം:-*
1. സ.ഉ(എം.എസ്) നം.273/2012/തസ്വഭവ തീയതി 22/10/12.
2. സ.ഉ(എം.എസ്) നം.94/2016/തസ്വഭവ തീയതി 29/07/16
3. സ.ഉ(എം.എസ്) നം.148/2016/തസ്വഭവ തീയതി 21/10/16.
4. ലോക്കൽ ഗവൺ മെൻറ് കമ്മീഷൻ സെക്രട്ടറിയുടെ 12/08/16, 06/09/2016 , LGC/4/2016 നമ്പർ കത്തുകൾ.

ഉത്തരവ്

കേരളത്തിലെ അധികാര വികേന്ദ്രീകരണ പ്രക്രിയയെ സ്ഥാപനവൽക്കരിക്കുന്നത് ത്വരിതഗതിയിലാക്കുന്നതിനായി പരാമർശം 1 പ്രകാരം ഒരു ലോക്കൽ ഗവൺ മെന്റ് കമ്മീഷൻ രൂപീകരിച്ച് ഉത്തരവായിരുന്നു. ലോക്കൽ ഗവൺ മെന്റ് കമ്മീഷന്റെ കാലാവധി 10/05/2016-ൽ അവസാനിച്ച സാഹചര്യത്തിൽ പരാമർശം 2 പ്രകാരം ഡോ.സി.പി.വിനോദിനെ ലോക്കൽ ഗവൺ മെന്റ് കമ്മീഷന്റെ പുതിയ ചെയർമാനായി നിയമിച്ചുകൊണ്ടും പരാമർശം 3 പ്രകാരം ലോക്കൽ ഗവൺ മെന്റ് കമ്മീഷനെ 29/07/2016 മുതൽ പുനരുജ്ജീവിപ്പിച്ച് പുനഃസംഘടിപ്പിച്ചുകൊണ്ടും ഉത്തരവായിരുന്നു.

തിരുവനന്തപുരത്ത് നന്തൻ കോട് സ്വരാജ് ഭവനിലെ 6-ാം നിലയിൽ സ്ഥിതി ചെയ്യുന്ന ലോക്കൽ ഗവൺ മെന്റ് കമ്മീഷന് അനുവദിച്ചിട്ടുള്ള 2582 സ്ക്വയർ ഫീറ്റ് സ്ഥലത്തിൽ പഞ്ചായത്ത് ഡയറക്ടറേറ്റിന്റെ പ്രോവിഡന്റ് ഫണ്ട് വിഭാഗം ഓഫീസ് പ്രവർത്തിക്കുന്ന 400 സ്ക്വയർ ഫീറ്റ് ഒഴിച്ചുള്ള സ്ഥലത്തിൽ പ്രവർത്തിക്കുന്ന കമ്മീഷന്റെ ഓഫീസും ഓഫീസിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന രണ്ട് വലിയ ടോയ് ലറ്റ്, പൊതുവായി ഉപയോഗിക്കുന്ന 3 വാഷ് ബേയ്സിനുകൾ എന്നിവ ദിവസവും ക്ലീൻ ചെയ്യുന്നതിന് ഒരു സ്വീപ്പറിന്റെ സേവനം അനിവാര്യമാണെന്നും സ്വീപ്പർ തസ്തികയിൽ പുനർവിന്യാസത്തിലൂടെ ജീവനക്കാരെ ലഭ്യമാക്കുന്നത് വളരെ ബുദ്ധിമുട്ടുള്ളതിനാൽ ദിവസ വേതന അടിസ്ഥാനത്തിൽ ഒരു സ്വീപ്പറെ നിയമിക്കുന്നതിനുള്ള ഉത്തരവ് ഉണ്ടാകണമെന്നും കമ്മീഷൻ സെക്രട്ടറി സൂചന 4 പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഗവൺ മെന്റ് കമ്മീഷനിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഒരു സ്വീപ്പറെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. ചെയർമാൻ, ലോക്കൽ ഗവൺ മെൻറ് കമ്മീഷൻ, സ്വരാജ് ഭവൻ, തിരുവനന്തപുരം.
3. സെക്രട്ടറി, ലോക്കൽ ഗവൺ മെൻറ് കമ്മീഷൻ, സ്വരാജ് ഭവൻ, തിരുവനന്തപുരം.
4. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
5. ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
6. പ്രിൻസിപ്പൽ അക്കൌണ്ടൻറ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
7. അക്കൌണ്ടൻറ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
8. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
9. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർ മേഷൻ കേരള മിഷൻ, തിരുവനന്തപുരം.
10. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.